കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പൂക്കോട്ടൂർ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2018-19

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.27/2573/2019

കേരള സംസ്ഥാന ഓഡിറ്റ്
വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,മലപ്പുറം

തിയ്യതി. 05-12-2019

ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം

പ്രസിഡന്റ് / സെക്രട്ടറി മുഖേന

പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷ ഓഡിറ്റ് റിപ്പോർട്ട്-സംബന്ധിച്ച്

**********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൂക്കോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23 (1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി http://aims.ksad.kerala.gov.in/esubmission അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1),(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,

മലപ്പുറം

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം.
4)കാര്യാലയ പകർപ്പ്.

കെ.എസ്.എ.എം.പി.എം.27/2573/2019 തിയ്യതി 05-12-2019

## മലപ്പുറം ജില്ലയിലെ പൂക്കോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് 34രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പൂക്കോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 18.07.2018 മുതൽ 16.10.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

--------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : അജിത് ആർ, ഡെപ്യൂട്ടി ഡയറക്ടർ

--------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 17.10 .2019 മുതൽ 28.10.2019 വരെ.

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. അബ്ദുൽ സത്താർ. സി.പി. | ഓഡിറ്റ് ഓഫീസർ |
| ശ്രീ.അബ്ദുനാസർ .പി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. യൂസഫ്. പി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി. ലത. ഒ. വി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |

ബി ) നിർവഹണാധികാരികൾ

ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി. സുമയ്യ .ടി. | 01.04.2018 മുതൽ 21.11.2018 വരെ |
| ശ്രീമതി. ആയിശ , വികസന കാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപെഴ്സൺ (പ്രസിഡന്റിന്റെ ചാർജ്) | 22.11.2018 മുതൽ 12.12.2018 വരെ |
| ശ്രീമതി. സഫിയ്യ മണ്ണെത്തൊടി | 13.12.2018 മുതൽ 31.03.2019വരെ |

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി

| | |
|---|---|
| ശ്രീ.വി.എൻ. അനിൽ | 01.04.2018 മുതൽ 22.06.2018 വരെ |
| ശ്രീ.മജീദ്. എം, അസി. സെക്രട്ടറി, (സെക്രട്ടറി ഇൻ ചാർജ്) | 23.06.2018 മുതൽ 05.07.2018 വരെ |
| ശ്രീമതി. ആയിശ റഹ്ഫത്ത് കോയ.സി.ടി. | 06.07.2018 മുതൽ 05.03.2019 വരെ |
| ശ്രീമതി. അനിത. കെ. കെ, അസി. സെക്രട്ടറി, (സെക്രട്ടറി ഇൻ ചാർജ്) | 06.03.2019 മുതൽ 13.03.2019 വരെ |
| ശ്രീമതി. ഷൈലജ. എം. | 14.03.2019 മുതൽ 31. 03.2019 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.മജീദ്. എം | 01.04.2018 മുതൽ 18.11.2018 വരെ |
| | ശ്രീമതി. അനിത. കെ. കെ. | 19.11.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. പ്രമീള. വി. | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)) | ഡോ. യൂനസ് സലീം | 01.04.2018 മുതൽ 30.06.2018 വരെ |
| | ഡോ. ബിന്ദു. പി. | 1.07.2018 മുതൽ 31.03.2019 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ. വാസുദേവൻ. പി. | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ലില്ലി മാത്യൂ. | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. അഞ്ജലി.കെ. | 01.04.2018 മുതൽ |

| | | |
|---|---|---|
| | | 31.03.2019 വരെ |
| വി.ഇ.ഒ | അജൈകുമാർ. എ.എസ്. | 01.04.2018 മുതൽ<br>31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ. ബിന്ദു ബാലകൃഷ്ണപിള്ള | 01.04.2018 മുതൽ<br>31.03.2019 വരെ |
| അസിസ്റ്റന്റ് എൻജിനിയർ | ശ്രീ. നിഖിൽ ജെ കുമാർ | 1.04.2018 മുതൽ<br>31.03.2019 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം I<br>ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | സാമ്പത്തിക നില | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം. | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-11 |
| 12 | വസ്തു നികുതി കുറവായി നിർണ്ണയിക്കുന്നു | 1-12 |
| 13 | തൊഴിൽ നികുതി ഈടാക്കിയില്ല | 1-13 |
| 14 | വ്യാപാര സ്ഥാപനങ്ങളിലെ തൊഴിലാളി/ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല | 1-14 |
| 15 | മരാമത്ത് നിർവ്വഹണം- ഫലപ്രാപ്തിയും ഗുണമേൻയും വിലയിരുത്തപ്പെടുന്നില്ല | 1-15 |
| 16 | മരാമത്ത് -പ്രൊജക്റ്റ് തയ്യാറാക്കുന്നതിലും നിർവ്വഹണത്തിലുമുള്ള വീഴ്ചകൾ | 1-16 |
| 17 | E-Tender: ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭിച്ചിട്ടില്ല. | 1-17 |
| 18 | ഗുണഭോക്തൃ വിഹിതം: തിരിച്ചു നല്കാനവശേഷിക്കുന്നു. | 1-18 |
| 19 | റോഡ് കണക്റ്റിവിറ്റി പ്ലാനും മാപ്പും തയ്യാറാക്കിയില്ല | 1-19 |

| | | |
|---|---|---|
| 20 | കുടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണം- പഴയ സാധനങ്ങൾ ലേലം ചെയ്ത് കയ്യൊഴിഞ്ഞിട്ടില്ല. | 1-20 |
| 21 | ചെലവുരേഖകൾ ഹാജരാക്കിയില്ല. | 1-21 |
| 22 | സന്നദ്ധ സംഘടനകൾക്ക് ഉപകരണങ്ങളും വാങ്ങിയത് -മാർഗ്ഗ രേഖ പൂർണ്ണമായി പാലിച്ചില്ല. | 1-22 |
| 23 | ചെലവു രേഖകൾ ഹാജരാക്കിയില്ല.തുക തടസ്സം ചെയ്യുന്ന | 1-23 |
| 24 | മരുന്ന ലഭ്യമായിട്ടില്ല | 1-24 |
| 25 | മരുന്നുകൾ മുഴുവനും ലഭ്യമായിട്ടില്ല. | 1-25 |
| 26 | പൂർത്തീകരണ/വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 1-26 |
| 27 | വാങ്ങിയ തെരുവുവിളക്കുകൾ സ്റ്റോക്കിലെടുത്തില്ല. | 1-27 |
| ഭാഗം II<br>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| | ഇല്ല | |
| ഭാഗം III<br>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| ഇല്ല | | |
| ഭാഗം IV<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 28 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 29 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 30 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 32 | വായ്പ /വായ്പ തിരിച്ചടവ് | 4-5 |
| 33 | സ്ഥിര നിക്ഷേപം | 4-6 |
| 34 | ഓഡിറ്റ് റിക്കവറി | 4-7 |
| 35 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 36 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-9 |
| 37 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 38 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

28.03.2018 തീയതിയിലെ 1 (1)ാം- നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 04.02.2019 തീയതിയിലെ 2(1)ാം- നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

# 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 14.05.2019 | - | - |

# 1-3 സാമ്പത്തിക നില

| ഇനം | |
|---|---|
| മുന്നിരിപ്പ് | 1,76,14,943 |
| വരവ് | 7,95,81, 579 |
| ആകെ | 9,71,96,522 |
| ചെലവ് | 5,92,13,383 |
| നീക്കിയിരിപ്പ് | 3,79,83,139 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 0 | 18394710 | 18394710 | 16259238 | 0 |
| വികസന ഫണ്ട്-എസ്.സി.പി | | 0 | 3819334 | 3819334 | 2592146 | 0 |
| വികസന ഫണ്ട്-ടി.എസ്.പി | | 0 | 49000 | 49000 | 0 | 0 |
| മെയിന്റനൻസ് ഫണ്ട് - റോഡ് | | 0 | 5265000 | 5265000 | 5221063 | 0 |
| മെയിന്റനൻസ് ഫണ്ട്- നോൺറോഡ് | | 0 | 3845000 | 3845000 | 1815154 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 0 | 8538000 | 8538000 | 5459533 | 0 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 12844114 | 12844114 | 12844114 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 2912 | 465514 | 468426 | 288591 | 179835 |
| ടോട്ടൽ സാനിറ്റേഷൻ | | 2698970 | 56724 | 2755694 | 1602507 | 1153187 |
| പൈക്ക | | 35321 | 1253 | 36574 | 0 | 36574 |
| ബി ഫണ്ട് | | 0 | 61400 | 61400 | 61400 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | | | | | |

| | | | | | | |
|---|---|---|---|---|---|---|
| | | 10329572 | 28568238 | 38897810 | 25393576 | 13504234 |
| | ട്രഷറി അക്കൗണ്ട് | 1824445 | 19142240 | 20966685 | 2715003 | 18251682 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 215 | 88479488 | 145 | 41917031 | 2 | 68 | 67 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2912 | 465514 | 468426 | 288591 | 179835 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 12844114 | 12844114 | 12844114 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1624000 | 303 |
| വിധവാപെൻഷൻ | 5380000 | 1106 |
| വാർദ്ധക്യകാലപെൻഷൻ | 5425400 | 1916 |
| വികലാംഗപെൻഷൻ | 1890100 | 450 |
| വിവാഹ ധന സഹായം | 30000 | 6 |
| 50 വയസ്സിനു മുകളിൽ പ്രായമായ അവിവാഹിതരായ സ്ത്രീകൾക്കുള്ള ധന സഹായം | 79200 | 18 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.10.2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4190 രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. വാടക ലഭിക്കുന്ന റൂമുകളുടെ വാടക ഈടാക്കുന്നത് സംബന്ധിച്ച് ബൈലോ തയ്യാറാക്കിയിട്ടില്ല.
2. കൃഷി ഓഫീസർ, അസി.സെക്രട്ടറി എന്നിവർ പദ്ധതി നിർവഹണത്തിന്റെ ഭാഗമായി വാങ്ങുന്ന സാധനങ്ങളുടെ സ്റ്റോക്ക് രേഖപ്പെടുത്തുന്നില്ല. അപാകത ശ്രദ്ധയിൽപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ പരിഹരിച്ചിട്ടുണ്ട്, അപാകത തുടരാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
3. വെറ്ററിനറി സർജൻ ഫയലുകൾ, രജിസ്റ്ററുകൾ എന്നിവ ചെലവു നടക്കുന്ന സമയത്തു തന്നെ പൂർത്തിയാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
4. തൊഴിലുറപ്പ് പദ്ധതി പ്രകാരം നിർവഹണം നടത്തിയ പ്രവൃത്തികളുടെ ബില്ലും അനുബന്ധ ഫയലുകളും രജിസ്റ്റർ പ്രകാരം ക്രമപ്പെടുത്തി ഫയൽ ചെയ്തു സൂക്ഷിക്കേണ്ടതാണ്.
5. മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട രേഖകൾ (ടെണ്ടർ റജിസ്റ്റർ, എഗ്രിമെന്റ് റജിസ്റ്റർ, ടെണ്ടർ ഷെഡ്യൂൾ, അളവ് പുസ്തകങ്ങളിൽ രേഖപ്പെടുത്തിയ മെമ്മോ ഓഫ് പെയ്മെന്റ്, കരാറുകാരുമായുള്ള എഗ്രിമെന്റുകൾ തുടങ്ങിയവ) അസി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. മേലിൽ അപാകത വരാതെ ശ്രദ്ധിക്കേണ്ടതാണ്.
6. ഗ്രാമ പഞ്ചായത്ത് സ്ഥാപിച്ച് ഗുണഭോക്തൃ കമ്മിറ്റികൾക്ക് കൈമാറിയ കുടിവെള്ള പദ്ധതികളുടെ ആസ്തികൾ സ്ഥിതി ചെയ്യുന്ന സ്ഥലം സ്വകാര്യ ഭൂമികളിൽ നിന്നും വേർതിരിച്ച് അതിർ നിശ്ചയിച്ച് പ്രത്യേകം സംരക്ഷിച്ചിട്ടില്ല.
7. വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് ബഡ്ജറ്റ് നിർദ്ദേശങ്ങൾ യഥാസമയം സമർപ്പിക്കുന്നില്ല.
8. കേന്ദ്രാവിഷ്കൃത പദ്ധതികളായ ടോട്ടൽ സാനിറ്റേഷൻ, എെ.സിഡി.എസ്. കേന്ദ്ര വിഹിതം, പൈക്ക എന്നീ അക്കൗണ്ടുകൾക്ക് പ്രത്യേകം എ.സി.ആർ. സൂക്ഷിക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.09.2019 | 8/2019-9/2019 | 27.09.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.03.2008 | 2005-2006 | ലഭ്യമല്ല |

## 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. ട്രയൽ ബാലൻസ് പ്രകാരം Excess of income over expenditure ക്ലോസിംഗ് ബാലൻസ് 5321029.37 ആണ്. എന്നാൽ ബാലൻസ് ഷീറ്റ് ബി1 ഷെഡ്യൂൾ പ്രകാരം ആയത് 6556263.37 ആണ്.

2. ഐ-1 ഷെഡ്യൂൾ പ്രകാരം തൊഴിൽ നികുതി (എംപ്ലോയീസ്) ഡിമാൻഡ് 1412560 രൂപയാണ് എന്നാൽ RP1 പ്രകാരം ആയത് 1413810 രൂപ ആണ്. ബി15 പ്രകാരം ബാലൻസ് അവശേഷിക്കുന്നില്ല ബി9(other liabilities) പ്രകാരം അഡ്വാൻസ് കളക്ഷൻ വന്നതായും കാണുന്നില്ല. രജിസ്റ്റർ പ്രകാരം ഡിമാൻഡും കളക്ഷനുമായി 1413810 രൂപയാണ് കാണിച്ചിട്ടുള്ളത്

3. ഡി ആൻഡ് ഒ രജിസ്റ്റർ സാക്ഷ്യപ്പെടുത്തിയിട്ടില്ല അഡ്വാൻസായി മുൻവർഷം കളക്ഷൻ നടത്തിയ വിവരം പ്രത്യേകമായി കാണിച്ചിട്ടില്ല. രജിസ്റ്റർ പ്രകാരം ഡിമാൻഡും കളക്ഷനുമായി 161000 രൂപയാണ് എന്നാൽ 1-4 ബി പ്രകാരം 161000 ഉം RP43 പ്രകാരം 135700 രൂപയുമാണ്.

4. അഡ്വാൻസ് രജിസ്റ്റർ ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഹാജരാക്കിയ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം 2007-2008 മുതൽ ഡെപ്പോസിറ്റ് കാണുന്നു. കാലഹരണപ്പെട്ടവ ലാപ്സ്ഡ് ഡെപ്പോസിറ്റിലേക്ക് മാറ്റിയിട്ടില്ല.

5. Advance to implement officer എന്ന head ൽ ബി-18പ്രകാരം 6800 രൂപയും advance to others ൽ 34538 രൂപയും advance to authorised ഏജൻസി എന്ന head ൽ 84840 രൂപയും ആണ്. ഇവയുടെ വിശദാംശങ്ങൾ രജിസ്റ്റർ പ്രകാരം ലഭ്യമല്ല. അഡ്വാൻസ് ക്രമീകരിക്കേണ്ടതാണ്.

6. സ്റ്റോക്ക് ഇൻ ഹാൻഡ് എന്ന ഇനത്തിൽ B14 പ്രകാരം തുകയൊന്നും കാണിച്ചിട്ടില്ല. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ 97 മുതൽ 103 വരെയുള്ള പേജുകളിൽ 6.10.18 ന്ന വാങ്ങിയ (വൗച്ചർ നമ്പർ രജിസ്റ്ററിൽ ചേർത്തിട്ടില്ല) സാധനങ്ങളൊന്നും വിതരണം ചെയ്യാതെ അവശേഷിക്കുന്നുണ്ട്. ടി ഇനങ്ങളുടെ തുക ചേർത്തിട്ടില്ല.

7. വാർഷിക കണക്കുകളുമായി താരതമ്യം ചെയ്യാവുന്ന വിധത്തിൽ ആസ്തികളുടെ മൂല്യം ഉൾപ്പെടുത്തി ആസ്തി റജിസ്റ്റർ പരിപാലിച്ചിട്ടില്ല.

8. പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചിട്ടുള്ള കുറിപ്പുകൾ വാർഷിക കണക്കുകളോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

9. കിട്ടാനുള്ളതിൽ സംശയാസ്പദമായ തുകകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

10. ബാങ്ക് ബുക്ക്, കാശ് ബുക്ക് എന്നിവ പ്രിൻ്റൗട്ട് എടുത്തു സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല .എന്നാൽ കാഷ് ബുക്ക് സമ്മറി പ്രിൻറ് ഔട്ട് സൂക്ഷിച്ചിട്ടുണ്ട്.

11. ലോൺ ഇനത്തിൽ 1997360 രൂപയുണ്ട്. ലോൺ രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

12. ബാങ്ക് ബുക്കുകൾ പ്രിൻറ് എടുത്തു വെക്കുകയോ ബാങ്ക് സ്റ്റേറ്റ്മെൻറ്/പാസ്ബുക്ക് ക്രമീകരിക്കുകയോ ചെയ്യിട്ടില്ലാത്തതിനാൽ ബാങ്ക് റികൺസിലിയേഷൻ പത്രികകൾ പരിശോധിച്ച് ഉറപ്പു വരുത്താൻ സാധ്യമല്ല.

13. വാർഷിക കണക്കുപ്രകാരം RP -40(b) പ്രകാരം കോ ഓപ്പറേറ്റിവ് തനത്ഫണ്ട്-2 എന്ന ഹെഡിൽ (450230102) 2343442 രൂപ ക്ലോസിങ് ബാലൻസ് കാണുന്നു. എന്നാൽ ആയത് B12 പ്രകാരമുള്ള ഇൻവെസ്റ്റ്മെൻ്റ് തുകയാണെന്നാണ് അക്കൗണ്ടൻ്റ് നൽകിയ വിശദീകരണം. അപാകത ക്രമീകരിക്കേണ്ടതാണ്.

14. ഗ്രാന്റ് തുക AFS RP-7 പ്രകാരം ബുക്ക് ചെയ്തിട്ടുള്ള തുക താഴെ കൊടുത്തിട്ടുള്ള ഇനങ്ങളിൽ ACR പ്രകാരമുള്ള ഗ്രാന്റ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

| ഗ്രാന്റിനം | AFS പ്രകാരമുള്ള തുക | ACR പ്രകാരമുള്ള തുക |
|---|---|---|
| വികസന ഫണ്ട് -ജനറൽ | 16231738 | 16259238 |
| സി.എഫ്,സി. ഗ്രാന്റ് | 5261676 | 5459533 |

15. മുൻ വർഷത്തെ വാർഷിക കണക്കിലെ അപാകതകൾ മുഴുവനായും പരിഹരിച്ചിട്ടില്ല.
16. KSEB, ജലനിധി, ഭൂജല വകുപ്പ്, KWA എന്നിവയിലേക്ക് നിക്ഷേപിച്ച തുകകളിൽ വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം ലഭിക്കാത്തവ പൂർണ്ണമായി Balance sheet (B18) Schedule – ൽ ഉൾപ്പെടുത്തിയിട്ടില്ല.
17. സംയുക്ത പ്രൊജക്ടുകൾക്ക് തൻവർഷം ലഭ്യമായ ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് AFS ലെ RP – 31 പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

# 1-12 വസ്തു നികുതി കുറവായി നിർണ്ണയിക്കുന്നു

2011ലെ കേരള പഞ്ചായത്ത്‌രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, 14.01.2011ലെ സ.ഉ.(അ) 19/2011/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ്, ഗ്രാമ പഞ്ചായത്തിന്റെ വിജ്ഞാപനം എന്നിവ പ്രകാരം പൂക്കോട്ടൂർ ഗ്രാമ പഞ്ചായത്തിലെ വാണിജ്യാവശ്യങ്ങൾക്കുള്ള (ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗണുകൾ) കെട്ടിടങ്ങളുടെ അടിസ്ഥാന നികുതി നിരക്കുകൾ താഴെ കൊടുക്കുന്നു.

100ച.മീ. വരെ ആകെ തറ വിസ്തീർണ്ണമുള്ളവ : 40/- രൂപ / ച.മീ.

100ച.മീറ്ററിനു മുകളിൽ 200ച.മീ. വരെ ആകെ തറ വിസ്തീർണ്ണമുള്ളവ : 60/- രൂപ / ച.മീ.

ചെറിയ തറ വിസ്തീർണ്ണത്തിൽ (100ച.മീ. താഴെ) തിരിച്ച ഷോപ്പ് റൂമുകളടങ്ങിയതും എന്നാൽ ആകെ തറ വിസ്തീർണ്ണം 100ച.മീറ്ററിനു മുകളിൽ വരുന്നതുമായ വിവിധ വാണിജ്യ കെട്ടിടങ്ങൾക്ക് അവയുടെ തറ വിസ്തീർണ്ണം മൊത്തമായി പരിഗണിക്കാതെയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണ്ണം 100ചതുരശ്ര മീറ്ററിനു മുകളിൽ വരുന്നതും മുകളിൽ പരാമർശിച്ച ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ വിവിധ നമ്പറുകൾ അനുവദിച്ച റൂമുകളോടു കൂടിയ ഒറ്റക്കെട്ടിടത്തിന് നികുതി നിർണ്ണയിക്കുന്നതിലേക്ക് അടിസ്ഥാന നികുതി 60/- രൂപ പരിഗണിക്കേണ്ടതിനു പകരം 40/- രൂപയാണ് കണക്കിലെടുത്തിരിക്കുന്നത്. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(4) ൽ, ഒരു കെട്ടിടത്തിന്റെ തന്നെ വ്യത്യസ്ത ഭാഗങ്ങൾ (മുകൾ നിലകൾ ഉൾപ്പെടെ) വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലാണെങ്കിലോ, ഒരാളിന്റെ ഉടമസ്ഥതയിലുള്ളതാണെങ്കിൽ തന്നെ തക്കതായ കാരണത്താൽ ആ കെട്ടിട ഭാഗങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പറുകൾ നൽകിയിട്ടുണ്ടെങ്കിലോ; ഓരോ ഭാഗത്തെയും വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് ഓരോന്നിനും വസ്തു നികുതി ചുമത്തേണ്ടതാണെന്ന് പറയുന്നതിനാലാണ് ഇത്തരത്തിൽ ചെറിയ മുറികളായി തിരിച്ച ആകെ 100

ച.മീറ്ററിലധികം തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങളുടെ വസ്തു നികുതി കുറഞ്ഞ നിരക്കിൽ നിർണ്ണയിക്കുന്നതിന് ഇടയാക്കുന്നതെന്ന് കരുതുന്നു. എന്നാൽ 2011ലെ ചട്ടങ്ങൾ നിലവിൽ വരുന്നതിനു മുമ്പ് തന്നെ വസ്തു നികുതി നിർണ്ണയിച്ച് നമ്പർ നൽകിയ കെട്ടിടങ്ങൾക്ക് തക്കതായ കാരണമുണ്ടെങ്കിൽ മാത്രം അവയെ പ്രത്യേകം കെട്ടിടങ്ങളായി കണക്കാക്കുന്നതിന് ഇളവ് നൽകുന്നത് സംബന്ധിച്ചാണ് ചട്ടം 3(4)ലെ പരാമർശമെന്നത് വ്യക്തമാണ്. ചട്ടം 4(1) പ്രകാരം ഓരോ ഇനം കെട്ടിടമായി പരിഗണിച്ച് ചട്ടം 5(2) അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കേണ്ടത് പുതിയ കെട്ടിടങ്ങൾക്ക് അനിവാര്യമാണ്. ചട്ടം 5(2) പ്രകാരം നികുതി നിർണ്ണയിക്കുന്നത് കൊണ്ട് വിവിധ റൂമുകൾക്ക് ഉയർന്ന നിരക്കിൽ നികുതി നിർണ്ണയിച്ച് പ്രത്യേകം നമ്പർ നൽകുന്നതിന് യാതൊരു തടസ്സവും നിലവിലില്ലാത്തതുമാണ്. ആയതിനാൽ കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചതു വഴി വൻ തോതിൽ നികുതി നഷ്ടം സംഭവിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്ര.നം. | പേര് | വാർഡ് | കെട്ടിട നമ്പർ | ആകെ തറ വിസ്തീർണ്ണം ($m^2$) |
|---|---|---|---|---|
| 1 | പ്രസിഡണ്ട്,മുയീനുൽ ഇസ്ലാം സംഘം,വള്ളുവമ്പ്രം | 1 | 215A മുതൽ 215Jവരെ | 236.50 |
| 2 | ശ്രീ.അബ്ദുൾഹക്കീം, നാലകത്ത് വീട്,വള്ളുവമ്പ്രം | 1 | 697Bമുതൽ 697Qവരെ (except I&O) | 333.74 (146.14 commercial+187.6 assembly-FF ലെ 6 റൂമുകൾ assembly ഗണത്തിൽ നികുതി നിർണ്ണയിച്ചിരിക്കുന്നു. 30/- നിരക്കിൽ) |
| 3 | Mannethodi Muhammed and Mariyumma, Others | 1 | 277B,C&D | 155.51 |
| 4 | Pothengodan Muhammed | 2 | 373 O,373P | 105.01 |
| 5 | കുഴിക്കാട്ട് ബീരാൻ ഹാജി മുതൽപേർ | 2 | 224A മുതൽ 224J വരെ | 570.00 |
| 6 | മമ്മദ് പൂക്കാടൻ | 2 | 445A മുതൽ 445F വരെ | 109.78 |
| 7 | കുഞ്ഞഹമ്മദ് | 3 | 141Aമുതൽ141Dവരെ | 111.79 |
| 8 | കരുവണ്ണി ആസ്യ | 4 | 220Aമുതൽ220Hവരെ | 230.82 |
| 9 | നജ്മുദ്ദീൻ, ജന.സെക്രട്ടറി,സി.എം.ദഅവാ കൗൺസിൽ | 8 | 408Aമുതൽ408Fവരെ | 240.00 |
| | | | | |

| | | | | |
|---|---|---|---|---|
| 10 | നിസാർ അഹ്മദ് കുട്ടക്കൻ | 9 | 477Aമുതൽ 477Hവരെ | 527.00 |
| 11 | ജമീല | 10 | 669Aമുതൽ 669Hവരെ | 312.78 |
| 12 | Kerala State Hire Goods Association | 10 | 480Aമുതൽ480Kവരെ (except C) | 317.4 |
| 13 | പൂവളപ്പിൽ റുഖിയ | 11 | 94Aമുതൽ 94Eവരെ | 138.0 |
| 14 | ജസീല, ഊരോത്തൊടി | 12 | 323Aമുതൽ 323Lവരെ | 665.93<br>(1room office,1room commercial& 10 rooms assembly എന്ന ഗണത്തിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത് 30/-നിരക്കിൽ) |
| 15 | തോണിക്കടവത്ത് അബൂബക്കർ | 13 | 747Aമുതൽ 747Jവരെ<br>(except I) | 265.16 |
| 16 | പി.വി.ഇബ്രാഹീം | 13 | 88 B,C&D | 177.5 |
| 17 | ഇബ്രാഹീം ഹലീമ | 13 | 104A,B,C&D | |